MR. A. NESAMONY: May I know, has the Government received a representation from South Travancore Medical Association on this subject?

HON'BLE MR. G. RAMACHANDRAN: I should enquire about it.

MR. A. NESAMONY: Are the conditions mentioned in (d) (ii) against the provisions of Section 22 sub-section (iii) which require only a continuous period of practice for 5 years ?

HON'BLE MR. G. RAMACHANDRAN: I do not think so. What is asked for is a period of continuity which will prove to the satisfaction of the Medical Council and if they feel dissatisfied they will make a concession. An examination test is sometimes insisted on but not always. Those who want to take advantage of it can sit for the examination and secure a pass.

MR. A. NESAMONY: Are the Government aware that certificates granted by Tahsildars to the effect that a certain practitioner has put in 5 years of practice in the line have been rejected by the Medical Council?

HON'BLE MR. G. RAMACHANDRAN: I can imagine such a thing happening sometimes because after all Tahsildars are not technical men to grant the requisite certificates. The Medical Council may want something on which they could rely on the proficiency of the doctor and that only when they feel dissatisfied about the person. Such a thing does not happen always.

MR. A. NESAMONY: Any way will the Government be pleased to clarify the position by issuing a circular stating the kind of test that is expected to get proficiency so that no difficulty may arise on that point ?

HON'BLE MR. G. RAMACHANDRAN: There is no difficulty about it. The Government will do accordingly.

മത്സ്യം പിടിക്കാൻ ഉപകരിക്കുന്ന കപ്പലുകൾ.

311. MR. ALBERT LOPEZ (*Neyyattinkara II—Latin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർഗവണ്മെൻറുവകയായി മത്സ്യം പിടിക്കാൻ ഉപകരിക്കുന്ന മറ്റു തരത്തിലുള്ള കപ്പലുകൾ ഉണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം?

(ബി) ഓരോന്നും എപ്പോൾ വാങ്ങിയെന്നും ഓരോന്നിൻറെയും വില എത്രയെന്നും പ്രസ്താവിക്കുമോ?

(സി) ഈ കപ്പലുകൾ ഇപ്പോൾ എവിടെയെന്നും ഏതു തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നും സദയം പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാങ്ങിയതിനുശേഷം - ഓരോന്നിൽനിന്നും മാസംതോറും മുള്ള ആദായത്തിന്റേയും പ്രവർത്തനത്തിനുള്ള ചെലവിന്റേയും വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ് മേശമേൽ വയ്ക്കുമോ?

HON'BLE MR. K. M. KORAH : (എ) മത്സ്യം പിടിക്കുന്നതിനു വേണ്ടി ഗവണ്മെന്റിന്റെ വകയായിട്ട് ഒരു കപ്പൽ ഉണ്ട്.

(ബി) അതു് വാങ്ങിച്ചതു് ഫെബ്രുവരി ജൂലായി മാസത്തിലാണു്. അതിന്റെ വില രൂ. ൪൦൦൦൦ രൂപയാണു്.

(സി) പ്രവർത്തനരഹിതമായി ഇപ്പോൾ കൊച്ചിത്തുറമുഖത്തു കിടക്കുന്നു.

(ഡി) ഇപ്പോൾ ഉപയോഗിക്കുന്നില്ലാത്തതുകൊണ്ടു് ആദായമൊന്നുമില്ല.

MR. P. T. CHACKO : ഈ കപ്പൽ മത്സ്യം പിടിക്കാൻ കൊള്ളാവുന്നതാണോയെന്നു പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH: മീൻപിടിക്കാൻ കൊള്ളാവുന്നതാണെന്നു വിദഗ്ദ്ധാഭിപ്രായം ലഭിച്ചതിനുശേഷമാണു് ഇതു് വാങ്ങിച്ചിട്ടുള്ളതു്.

MR P T CHACKO : ഇപ്പോൾ അതു വിൽക്കുകയാണെങ്കിൽ എന്തു വില കിട്ടുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : ഇപ്പോൾ എന്തുവില കിട്ടുമെന്നു നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഈ കപ്പൽ ഇപ്പോൾ ഉപയോഗശൂന്യമായിട്ടു കിടക്കുന്നതു എന്തുകൊണ്ടാണു് ?

HON'BLE MR. K. M. KORAH: ഇതു് ഒരു മൈൻവാരിക്കപ്പൽ ആയിരുന്നു. അതിനെ മീൻപിടിക്കുന്നതിനു ഉപയോഗപ്പെടുത്തേണ്ടി വന്നപ്പോൾ ചില അറ്റകുറ്റപ്പണികൾ തീർക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനുവേണ്ടി കൊച്ചി എൻജിനീയറിംഗ് കമ്പനിക്കാരെ വരുത്തിച്ചു. അറ്റകുറ്റപ്പണിക്കുശേഷം അവർ ഗവണ്മെന്റിനെ തിരിച്ചേൽപ്പിച്ചിട്ടുണ്ടു്. കാലതാമസമുണ്ടായതു് അതു പ്രവർത്തനത്തിലുൾപ്പെടുന്നതാണു്.

MR. MANNAR K. GOPALAN NAIR *(Thiruvella I—General)* : കൂടുതൽ വില കിട്ടുകയാണെങ്കിൽ വിൽക്കുന്നതിനു ഗവണ്മെന്റിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. K. M. KORAH : അതിനെപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTEN (*Neyyattinkara I—General*) : ഈ കപ്പൽ ഇപ്പോൾ കടലിലാണോ അതൊ കരയിലാണോ?

HON'BLE MR. K. M. KORAH : കൊച്ചി തുറമുഖത്താണെന്ന് ഞാൻ പ്രസ്താവിച്ചു കഴിഞ്ഞു.

MR. ABDUL AZIZ : ഏതായാലും ഈ കപ്പൽ നല്ലതല്ലെന്ന ഗവണ്മെൻറിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങിനെ തോന്നിയിട്ടില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഒരു വമ്പിച്ച തുകകൊടുത്തു ഈ കപ്പൽ വങ്ങിച്ചതിനു പകരം നല്ല വള്ളങ്ങൾ വാങ്ങിച്ചാൽ പോരായിരുന്നോ?

HON'BLE MR. K. M. KORAH : ഏതായാലും ഇതു വാങ്ങിച്ചു പോയല്ലോ.

MR. N. V. CHACKO (*Kunnathunad III - General*) : ഇതിന്റെ അറ്റകുറ്റപ്പണിക്കു ഇനിമേൽ എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ചേർത്തല — അലപ്പുഴ തോട്.

312 MR. KRISHNAN AIYAPPAN (*Sherthalai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട. പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല — അലപ്പുഴ തോടുവെട്ടിനുവേണ്ടി ഇതുവരെ ഗവണ്മെൻറിനു എന്തു ചെലവായിട്ടുണ്ട്? എത്ര മൈൽ വെട്ടിത്തീർത്തിട്ടുണ്ട്?

(ബി) ഇനി എത്ര മൈൽകൂടി വെട്ടിയാൽ ഈ തോടു പൂർത്തിയാകും? അതിലേക്കു ഉദ്ദേശം എന്തു രൂപാകൂടി ചെലവാകും?

(സി) ഈ തോടുവെട്ടി പൂർത്തിയാക്കാത്തതുമൂലം വെട്ടിയിടത്തോളം ഭാഗത്തിന്റെ കിഴക്കും പടിഞ്ഞാറും ഉദ്ദേശം മുക്കാൽ മൈൽ വീതിയിലുള്ള സ്ഥലത്തെ നിലം പുരയിടങ്ങളിലെ കൃഷിക്കു വലുതായ നാശം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ഡി) തോടുവെട്ടുജോലിക്കു ഗവണ്മെൻറിൽനിന്നും ചെലവാക്കിയതിനെക്കാൾ കുറഞ്ഞതോതിൽ വെട്ടിത്തീർക്കുന്നതിനു കാണ്ടാക്ട് എടുത്തു നടത്താൻ പ്രൈവറ്റു ഏജൻസികൾ തയ്യാറുള്ള പക്ഷം അങ്ങനെ കാണ്ടാക്ട് കൊടുക്കുന്നതിനു വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly